**15 -ാം കേരള നിയമസഭ**

**9 -ാം സമ്മേളനം**

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 2** **08-08-2023 - ൽ മറുപടിയ്ക്ക്**

**തെരുവുനായ ശല്യം നിയന്ത്രിക്കുന്നതിന് നടപടി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. പി. അബ്ദുൽ ഹമീദ്,<br>ശ്രീ. പി. കെ. ബഷീർ,<br>ശ്രീ. യു. എ. ലത്തീഫ്,<br>ശ്രീ. കുറുക്കോളി മൊയ്തീൻ | | ശ്രീ. എം.ബി. രാജേഷ്<br>(തദ്ദേശ സ്വയംഭരണം, എക്സൈസ് വകുപ്പ് മന്ത്രി) | |
| (എ) | ആക്രമണകാരികളായ തെരുവുനായ്ക്കളുടെ ശല്യം ഒഴിവാക്കുന്നതിന് ഫലപ്രദമായ നടപടികൾ സ്വീകരിക്കാൻ കഴിയാത്തതിന്റെ കാരണം പരിശോധിച്ചിട്ടുണ്ടോ; | (എ) | നിലവിലുള്ള കേന്ദ്ര നിയമ വ്യവസ്ഥകൾക്കുള്ളിൽ നിന്നുകൊണ്ട് സംസ്ഥാനത്തെ തെരുവ് നായ ശല്ല്യം ഒഴിവാക്കുന്നതിന് ഫലപ്രദമായ നടപടികൾ സർക്കാർ സ്വീകരിച്ചിട്ടുണ്ട് |
| (ബി) | തെരുവുനായ്ക്കളുടെ വന്ധ്യംകരണ പദ്ധതി തെരുവുനായ നിയന്ത്രണത്തിന് പര്യാപ്തമല്ലെന്നത് പരിശോധിച്ചിട്ടുണ്ടോ; എങ്കിൽ വ്യക്തമാക്കാമോ; | (ബി) | തെരുവു നായ്ക്കളുടെ നിയന്ത്രണത്തിന് 10.03.2023 ന് കേന്ദ്രം പുറപ്പെടുവിച്ച 2023 ലെ ആനിമൽ ബർത്ത് കൺട്രോൾ ചട്ടങ്ങൾ ഉൾപ്പെടെയുള്ള നിലവിലുള്ള നിയമ വ്യവസ്ഥകൾ വന്ധ്യംകരണ പദ്ധതിയാണ് മുന്നോട്ട് വച്ചിട്ടുള്ളത്. |
| (സി) | അക്രമകാരികളായ തെരുവുനായ്ക്കളെ കൊല്ലണമെന്ന നിർദ്ദേശമുണ്ടായിട്ടുണ്ടോ; എങ്കിൽ ആയതിന് സ്വീകരിച്ച നടപടി വ്യക്തമാക്കാമോ; | (സി) | ആക്രമണകാരികളായ തെരുവുനായ്ക്കളെ കൊല്ലണമെന്ന നിർദ്ദേശം ലഭ്യമായിട്ടില്ല. 2023 ലെ ആനിമൽ ബർത്ത് കൺട്രോൾ ചട്ടങ്ങളിലെ ചട്ടം 15 (1) പ്രകാരം മാരകമായി മുറിവേറ്റതോ ഭേദമാക്കാനാകാത്ത അസുഖമോ ഉള്ള നായ്ക്കളെ ദയാവധത്തിന് വിധേയമാക്കാവുന്നതാണ്. ആക്രമണകാരികളായ നായ്ക്കൾ ഉള്ള പ്രദേശങ്ങളിലെ ജനങ്ങൾ ഡിസ്ട്രിക്ട് മജിസ്ട്രേറ്റ് മുമ്പാകെ പരാതി സമർപ്പിക്കുകയാണെങ്കിൽ CrPC 133(1)(f) പ്രകാരമുള്ള നടപടികളും സ്വീകരിക്കാവുന്നതാണ്. |
| (ഡി) | തെരുവുനായ ശല്യത്തിന് ശാശ്വതപരിഹാരം കാണുന്നതിനായി എന്തെല്ലാം പദ്ധതികളാണ് നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നതെന്ന് വിശദമാക്കുമോ? | (ഡി) | തെരുവുനായ്ക്കളുടെ വംശവർധനവ് നിയന്ത്രിക്കുന്നതിനുള്ള പദ്ധതിയാണ് ആനിമൽ ബർത്ത് കൺട്രോൾ (എ.ബി.സി) പദ്ധതി. ആയത് ഊർജ്ജിതപ്പെടുത്തുന്നതിനുവേണ്ടി വികേന്ദ്രീകൃതാസൂത്രണ സംസ്ഥാന കോ-ഓർഡിനേഷൻ കമ്മിറ്റിയുടെ തീരുമാനങ്ങൾ പ്രകാരം 23.08.2022 ൽ സ.ഉ (സാധാ) 2065/2022/തസ്വഭവ നമ്പരായി തദ്ദേശ സ്വയംഭരണ വകുപ്പ് ഉത്തരവ് പുറപ്പെടുവിക്കുകയും 15.09.2022 ലെ സ.ഉ (സാധാ) 2244/2022/തസ്വഭവ , 29.09.2022 ലെ സ.ഉ |

| | | | |
|---|---|---|---|
| | | | (സാധാ) 2376/2022/തസ്വഭവ എന്നീ നമ്പർ സർക്കാർ ഉത്തരവുകൾ പ്രകാരം അടിയന്തിര തുടർ നടപടികൾ സ്വീകരിക്കുകയും ചെയ്തിട്ടുള്ളതാണ്.<br><br>ആയതിന്റെ അടിസ്ഥാനത്തിൽ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ അടിയന്തിര പ്രാധാന്യത്തോടെ തന്നെ ഈ വിഷയം കൈകാര്യം ചെയ്യുകയും പ്രതിരോധ പരിപാടികൾ ഊർജ്ജിതപ്പെടുത്തുകയും വാക്സിനേഷൻ ഡ്രൈവുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങളിൽ ഏർപ്പെടുകയും ചെയ്തിട്ടുണ്ട്. തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ തെരുവുനായ്ക്കളുടെ തീവ്ര വാക്സിനേഷൻ യജ്ഞം നടത്തുകയും ശുചിത്വ യജ്ഞം സംഘടിപ്പിക്കുകയും ഐ.ഇ.സി ക്യാംപയിൻ , സംഘടിപ്പിക്കുകയും സ്കൂളുകളുമായി ബന്ധപ്പെട്ട് പ്രത്യേക ബോധവത്കരണ ക്യാംപയിൻ നടപ്പിലാക്കുകയും ചെയ്തു. ഇത്തരം പ്രവർത്തനങ്ങൾക്കായി സംസ്ഥാന തലത്തിലും ജില്ലാ തലത്തിലും തദ്ദേശ സ്വയംഭരണ സ്ഥാപന തലത്തിലും കമ്മിറ്റികൾ രൂപീകരിക്കുന്നതിന് ഉത്തരവാകുകയും ഓരോ കമ്മിറ്റികളുടെയും ഉത്തരവാദിത്തങ്ങൾ വിശദമാക്കുകയും ചെയ്തിട്ടുണ്ട്. കൂടാതെ കൂടുതൽ എ.ബി.സി കേന്ദ്രങ്ങൾ സജ്ജീകരിച്ച് പ്രാവർത്തികമാക്കുന്നതിനും വാക്സിനേഷൻ യജ്ഞം നടപ്പിലാക്കുന്നതിനുമായി പദ്ധതി രൂപീകരണം/ പുതുക്കലിന് അനുമതി നൽകുകയും ചെയ്തിട്ടുണ്ട് |

സെക്ഷൻ ഓഫീസർ